സംസ്ഥാനത്തെ റോഡുകളുടെ നിലവാരം

11 (*251) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളുടെ ആയുസ്സ് വർദ്ധിപ്പിക്കുന്നതിനും നിലവാരം ഉയർത്തുന്നതിനും ഉദ്ദേശിച്ച് ഡിസൈനിലും നിർമ്മാണരീതിയിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ പലപ്പോഴായി റോഡുകൾ വെട്ടിപ്പൊളിക്കുന്ന നടപടി ഒഴിവാക്കാൻ എന്തെങ്കിലും മാർഗ്ഗം ആലോചനയിലുണ്ടോ ;

(സി) റോഡ് നിർമ്മാണ/മെയിന്റനൻസ് സമയത്ത് കേബിൾ, പൈപ്പ് എന്നിവ സ്ഥാപിക്കാൻ വശങ്ങളിലും ഇടവിട്ട് കുറുകെയും സ്ഥിരം ഡക്ടുകൾ പൊതുമരാമത്ത് വകുപ്പുതന്നെ നിർമ്മിച്ച് ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ ശ്രമിക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) ഉണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിനു കീഴിൽ നിലവിലുള്ള ചിപ്പിങ്ങ് കാർപ്പറ്റ് മാറ്റി കൂടുതൽ ഉറപ്പും ദീർഘകാലം നിലനിൽക്കുന്നതുമായ BM&BC സാങ്കേതികവിദ്യ ഉപയോഗിച്ച് ഘട്ടംഘട്ടമായി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരണമായ പ്രവൃത്തികൾ നടത്തി വരുന്നുണ്ട്. കെ.എസ്.ടി.പി. നിർമ്മിക്കുന്ന റോഡുകൾ ഇന്ത്യൻ റോഡ്സ് കോൺഗ്രസ് (IRC) മാനദണ്ഡമനുസരിച്ചാണ് ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നത്. Pavement design-ഉം construction-ഉം IRC നിർദ്ദേശിച്ചിട്ടുള്ളതും അന്തർദ്ദേശീയമായി അംഗീകരിച്ചിട്ടുള്ളതുമായ ഗുണമേന്മ ഉറപ്പുവരുത്തിയാണ് റോഡ് പണി ചെയ്യുന്നത്. ദേശീയപാതകളുടെ നിർമ്മാണത്തിന് മോർത്ത് സ്പെസിഫിക്കേഷനും, ഐ.ആർ.സി.ഗൈഡ് ലൈൻസും അനുസരിച്ചുള്ള ഡിസൈനും നിർമ്മാണ രീതിയുമാണ് നിലവിലുള്ളത്. നിർമ്മാണ പ്രവർത്തനങ്ങളെല്ലാം പേവർ ഫിനിഷർ, ബിറ്റുമിനസ് സ്പ്രെയർ, വൈബ്രേറ്ററി റോളർ തുടങ്ങിയ ആധുനിക യന്ത്ര സംവിധാനങ്ങൾ ഉപയോഗിച്ചാണ് നിർവ്വഹിക്കുന്നത്. കൂടാതെ നിർമ്മാണ ഘട്ടത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എല്ലാ സംവിധാനങ്ങളോടും കൂടിയ ഗുണനിലവാര പരിശോധന ലബോറട്ടറി സംവിധാനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കരാർ പ്രകാരം സൈറ്റിൽ കോൺട്രാക്ടർ സ്ഥാപിച്ച് ദേശീയ പാതയുടെ കീഴിലുള്ള ഗുണനിലവാര പരിശോധനാ വിംഗിന്റെ മേൽനോട്ടത്തിൽ ടെസ്റ്റുകൾ നടത്തി നിർമ്മാണ നിലവാരം ഉറപ്പുവരുത്തുന്നു. ഇതുപ്രകാരം പുതിയ റോഡു നിർമ്മിക്കുമ്പോൾ നാല് വർഷം ഡിഫക്ട് ലയബിലിറ്റിയും, അതുകൂടാതെ 40 mm-ൽ കൂടുതൽ കനമുള്ള ബിറ്റുമിനസ് റീ സർഫസിംഗിന് മൂന്ന് വർഷത്തെ ഡിഫക്ട് ലയബിലിറ്റിയുമാണ് ദേശീയപാതയിൽ നിഷ്കർഷിക്കുന്നത്. ഡിഫക്ട് ലയബിലിറ്റി കാലാവധിക്കുശേഷം ആവശ്യമനുസരിച്ച് റീസർഫസിംഗ് നടത്തി ആയുസ്സ് വർദ്ധിപ്പിക്കുകയാണ് നിലവിലെ രീതി. കേരള റോഡ് ഫണ്ട് ബോർഡ് നടപ്പാക്കുന്ന നഗര റോഡു വികസന പദ്ധതികളിൽ ദീർഘകാലം നിലനിൽക്കുന്നതിനായി ഡിസൈൻ ചെയ്തിട്ടുള്ള ഉന്നത നിലവാരമുള്ള റോഡുകളാണ് നിർമ്മിക്കുന്നത്.

(ബി) നിലവിൽ ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായി വിവിധ വകുപ്പുകളുടെ ഏകോപന സമിതിയുണ്ട്. കേബിൾ ഇടുന്നതിനും മറ്റുമായി റോഡ് വെട്ടിപ്പൊളിക്കുന്നതിനുള്ള അനുവാദം ഈ കമ്മിറ്റി മുഖേനയാണ് നൽകുന്നത്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്ഥിരം ഡക്ടുകൾ നിർമ്മിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

ഭൂമിയുടെ ന്യായവില

12(*252) <u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. എം. എ. ബേബി</u> :
<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയുടെ ന്യായവില നിശ്ചയിച്ചതു സംബന്ധിച്ച പരാതികളിൽ തീർപ്പ് കല്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പലയിടങ്ങളിലും വിപണി വിലയേക്കാൾ കൂടുതലാണ് സർക്കാർ നിശ്ചയിച്ച വിലയെന്ന ആക്ഷേപത്തിന് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടോ ; വസ്തുത പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly